**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1413** **11.08.2017 ൽ മറുപടിയ്ക്ക്**

**"ഓണക്കാലത്ത് ജൈവപച്ചക്കറിയും പഴവർഗ്ഗങ്ങളും ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി"**

| **ചോദ്യം**<br>ശ്രീ. പി. ഉണ്ണി | **ഉത്തരം**<br>ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ വരുന്ന ഓണക്കാലത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെ സംസ്ഥാനത്തെ ജനങ്ങൾക്ക് വിഷരഹിതമായ ജൈവ പച്ചക്കറിയും, പഴവർഗ്ഗങ്ങളും ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | എ) ഓണക്കാലത്തോടനുബന്ധിച്ച് സംസ്ഥാനത്ത് പച്ചക്കറി വിലവർദ്ധന നിയന്ത്രിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നിവയുടെ സഹകരണത്തോടെയും കൃഷിവകുപ്പ് ഓണസമൃദ്ധി 2017 എന്ന പദ്ധതി നടപ്പാക്കുന്നുണ്ട്.<br>ഈ പദ്ധതിയിലൂടെ കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷികോത്പന്നങ്ങൾക്ക് വിപണി വിലയേക്കാൾ 10% അധിക വില നൽകി സംഭരിക്കുകയും ഇപ്രകാരം സംഭരിക്കുന്ന ജൈവ പച്ചക്കറികൾ വിപണി വിലയേക്കാൾ 30% വിലക്കുറവിലും ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുവാനാണ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. |
| (ബി) അതിനായി എത്ര തുക നീക്കിവെച്ചിട്ടുണ്ടെന്ന കാര്യം വെളിപ്പെടുത്താമോ? | (ബി) മേൽപ്രകാരമുള്ള 1500 ഓളം സ്റ്റാളുകൾ സംസ്ഥാനത്തുടനീളം പ്രവർത്തിപ്പിക്കുന്നതിലേക്കായി 900 ലക്ഷം രൂപയാണ് ടി പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. |

Deepthi

**സെക്ഷൻ ഓഫീസർ**